# ക്ഷേമനിധി ആനുകൂല്യങ്ങൾ

22. പെൻഷൻ

(1) അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും അറുപതു വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും, സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാളായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) അറുപതു വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും, ഓരോ കല്പിത അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) അഞ്ചുവർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വവർഷത്തിനും (1)ഉം (2)ഉം ഉപഖണ്ഡികകളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ മൊത്തം പെൻഷൻ തുക ഒന്നും രണ്ടും ഉപഖണ്ഡികകളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല.

23. കുടുംബപെൻഷൻ

(1) അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ അംഗവും, പ്രവാസികേരളീയൻ (ഭാരതം) അംഗവും, സ്വന്തം നാട്ടിൽ തിരിച്ചുവന്നയാളായ പ്രവാസി കേരളീയനായ (വിദേശം) അംഗവും, ഒരു കല്പിത അംഗവും മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം ആയിരിക്കും.

(3) കുടുംബാംഗങ്ങളിൽ താഴെപറയുന്ന മുൻഗണനാക്രമത്തിൽ ഒരു അംഗത്തിന്/വിഭാഗത്തിനു മാത്രമേ ഒരേ സമയം കുടുംബപെൻഷന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. മുൻഗണനാ ക്രമത്തിൽ ആദ്യത്തെ അംഗത്തിന് അർഹത നഷ്ടപ്പെടുന്ന പക്ഷം അടുത്ത അംഗങ്ങൾക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(എ) ഭാര്യ / ഭർത്താവ്

കുറിപ്പ്: ഭാര്യ/ഭർത്താവിന്റെ കുടുംബപെൻഷനുള്ള അർഹത പുനർവിവാഹത്തോടെ അവസാനിക്കുന്നതാണ്.

(ബി) 21 വയസ്സ് പൂർത്തിയാകാത്ത മക്കൾ

(സി) മാനസിക വൈകല്യം ഉള്ള മക്കൾ

(ഡി) പ്രായപൂർത്തിയായ അവിവാഹിതരായ പെൺമക്കൾ

(ഇ) അംഗത്തെ പൂർണ്ണമായി ആശ്രയിച്ചിരുന്ന അമ്മ

(എഫ്) അംഗത്തെ പൂർണ്ണമായി ആശ്രയിച്ചിരുന്ന അച്ഛൻ

(4) അപേക്ഷകന് പ്രതിവർഷ കുടുംബവരുമാനം മുപ്പത്താറായിരം രൂപയിൽ കവിയുന്ന പക്ഷം കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വിശദീകരണം: വരുമാനം കണക്കാക്കുന്നതിന് കുടുംബം എന്നാൽ അപേക്ഷകന്റെ അച്ഛൻ/അമ്മ, ഭാര്യ/ഭർത്താവ്, അവിവാഹിതരായ മക്കൾ എന്നിവർ ഉൾപ്പെടുന്നതാണ്.

24. അവശതാ പെൻഷൻ

(1) തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് 22(1) ഖണ്ഡിക പ്രകാരമുള്ള പെൻഷൻ തുകയുടെ നാല്പതുശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷൻ ലഭിക്കാനർഹത ഉണ്ടായിരിക്കുന്നതാണ്.

(2) അവശത ആരംഭിച്ച തീയതി മുതൽ രണ്ടുവർഷത്തിനകവും ശാരീരിക അവശതമൂലം തൊഴിൽ ചെയ്യുന്നതിനുള്ള പ്രാപ്തിക്കുറവ് ഇല്ലാത്തവർക്കും അതുവരെ അംശദായം അടച്ച് അംഗത്വം നിലനിർത്തിയിട്ടില്ലാത്തവർക്കും അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വിശദീകരണം: (i) അവശത ആരംഭിച്ചത് തെളിയിക്കുന്നതിന് ചികിത്സിച്ച ഡോക്ടറുടെ സർട്ടിഫിക്കററ് തെളിവായി സ്വീകരിക്കാവുന്നതാണ്.

വിശദീകരണം: (ii) ഈ ഉപഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന് മെഡിക്കൽ ബോർഡിന്റെ അറുപതു ശതമാനമോ അതിൽ കൂടുതലോ അവശതയുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പും ബോർഡ് നിശ്ചയിക്കുന്ന മറേറതെങ്കിലും രേഖയുണ്ടെങ്കിൽ അതും ഹാജരാക്കിയിരിക്കേണ്ടതാണ്.

25. പെൻഷനുള്ള അപേക്ഷയും നടപടിക്രമവും

(1) 22(1) ഉപഖണ്ഡിക പ്രകാരമുള്ള പെൻഷനുവേണ്ടിയുള്ള അപേക്ഷാഫോറം നമ്പർ 5-ലും 23(1) ഉപഖണ്ഡിക പ്രകാരമുള്ള കുടുംബപെൻഷനു വേണ്ടിയുള്ള അപേക്ഷാഫോറം നമ്പർ 6-ലും ബന്ധപ്പെട്ട മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷയും ഒരു പകർപ്പും സഹിതം

സമർപ്പിക്കേണ്ടതാണ്. 24(1) ഉപഖണ്ഡിക പ്രകാരമുള്ള അവശതാ പെൻഷനുള്ള അപേക്ഷാഫോറം നമ്പർ 7-ൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപഖണ്ഡികയിൽ കാണിച്ച കുടുംബപെൻഷനുള്ള അപേക്ഷയോടൊപ്പം റവന്യൂ അധികാരികൾ നൽകിയ വരുമാന സർട്ടിഫിക്കററ്, ബന്ധം തെളിയിക്കുന്നതും അവകാശികൾ ആരെന്ന് തെളിയിക്കുന്നതുമായ സർട്ടിഫിക്കററ്, മുൻഗണനാക്രമത്തിൽ അപേക്ഷകന് മുന്നിൽ വരുന്ന അവകാശികൾ ഉണ്ടെങ്കിൽ അവർ ജീവിച്ചിരിപ്പില്ലെന്നോ ജീവിച്ചിരിപ്പുണ്ടെങ്കിൽ അർഹതയില്ലെന്നോ തെളിയിക്കുന്ന സർട്ടിഫിക്കററ്, അംഗത്തിന്റെ മരണം സംബന്ധിച്ച് ജനനമരണ രജിസ്ട്രാർ നൽകിയ സർട്ടിഫിക്കററിന്റെ ശരിപകർപ്പ് അഥവാ അതത് രാജ്യത്തെ ഇന്ത്യൻ എംബസ്സി സാക്ഷ്യപ്പെടുത്തിയ മരണ സർട്ടിഫിക്കററിന്റെ ശരിപകർപ്പ് ഇവ ഹാജരാക്കിയിരിക്കേണ്ടതാണ്.

(3) (1)-ാം ഉപഖണ്ഡിക പ്രകാരം പെൻഷനുള്ള അപേക്ഷ ലഭിച്ചാൽ കാലതാമസം കൂടാതെ മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷകനെ സംബന്ധിച്ച രേഖകൾ പരിശോധിച്ചും ആവശ്യമായ അന്വേഷണം നടത്തിയും തെളിവുകൾ വിശകലനം ചെയ്തും അപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവോ കാരണം കാണിച്ച് അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവോ പുറപ്പെടുവിക്കേണ്ടതും, ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് അയച്ചു കൊടുക്കേണ്ടതുമാണ്. 60 വയസ്സ് പൂർത്തിയായശേഷം തൊട്ടടുത്തമാസം മുതൽക്കോ/60 കഴിഞ്ഞു സമർപ്പിക്കുന്ന അപേക്ഷകളെ സംബന്ധിച്ച് അപേക്ഷ സമർപ്പിച്ച തൊട്ടടുത്തമാസം 1-ാം തീയതി മുതൽക്കോ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(4) (3)-ാം ഉപഖണ്ഡിക പ്രകാരമുള്ള ഉത്തരവിന്മേൽ ആക്ഷേപം ഉള്ളപക്ഷം അപേക്ഷകന് പദ്ധതിയിലെ 44-ാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ബോർഡ് മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

26. അംശദായം തിരിച്ചു നൽകൽ

(1) സ്ഥായിയായ ശാരീരിക അവശതമൂലം ജോലിചെയ്യുവാൻ കഴിയാതെ വരുന്നവരും അവശതാ പെൻഷന് അർഹതയില്ലാത്തവരുമായ അംഗങ്ങൾക്ക് അവർ നിധിയിലേക്ക് അടച്ച അംശദായ തുക ബോർഡ് അനുവദിക്കുന്ന വിഹിതവും ചേർത്ത് തിരിച്ചുലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) അംഗമായിരിക്കേ മരണമടയുന്ന അംഗങ്ങളുടെ നിയമാനുസൃത അവകാശികൾക്ക്, കുടുംബ പെൻഷന് അർഹതയില്ലാത്തപക്ഷം, നിധിയിലേക്കടച്ച അംശദായതുക ബോർഡ് അനുവദിക്കുന്ന വിഹിതവും ചേർത്ത് തിരിച്ചു ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) പ്രായാധിക്യ പെൻഷനോ, അവശതാപെൻഷനോ അർഹത നേടിയതിനുശേഷം 5 വർഷത്തിനകം അംഗം മരണമടയുന്നപക്ഷം നിയമാനുസൃത അവകാശികൾക്ക് 5 വർഷത്തേക്ക് അർഹതപ്പെട്ട പെൻഷൻ തുകയ്ക്ക് തുല്യമായ തുകയോ, യഥാർത്ഥത്തിൽ അടച്ച അംശദായ തുകയോ

ഏതാണ് കുറവ് ആ തുകയിൽ പെൻഷൻ ഇനത്തിൽ കൈപ്പററിയ തുക കുറവു ചെയ്തിട്ടുള്ള തുക ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(4) ആക്ടിലെ 7-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം റദ്ദായവർക്ക് ആക്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് അടച്ച അംശദായം തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(5) മേൽ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും കാരണത്താൽ അംഗത്വം റദ്ദായ അംഗങ്ങൾക്ക് അവർ അടച്ച അംശാദായതുക അംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് തിരിച്ചു ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) ഈ ഖണ്ഡികയിലെ നിയമാനുസൃത അവകാശികൾ എന്നത് 27-ാം ഖണ്ഡികയിൽ കാണിച്ച മരണാനന്തര ആനുകൂല്യം കൈപ്പററുവാൻ അർഹതപ്പെട്ടവരും അതേക്രമത്തിലും ആയിരിക്കുന്നതാണ്.

(7) അംശാദായം തിരിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ പദ്ധതിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം നമ്പർ 8-ൽ ബന്ധപ്പെട്ട മേഖല/ജില്ല എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

(8) അപേക്ഷയോടൊപ്പം ഏതുകാരണത്താലാണോ അംശാദായം തിരിച്ചു ലഭിക്കുന്നതിന് അപേക്ഷിക്കുന്നത്, അത് തെളിയിക്കുന്നതിനുള്ള രേഖയും ബോർഡ് നിർദ്ദേശിക്കുന്ന മററു രേഖകളും ഹാജരാക്കേണ്ടതാണ്.

(9) അപേക്ഷ ലഭിച്ച് കഴിയും വേഗം രേഖകൾ പരിശോധിച്ചും ആവശ്യമായ അന്വേഷണം നടത്തിയും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതും തീരുമാനം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

(10) (9)-ാം ഉപഖണ്ഡിക പ്രകാരമുള്ള തീരുമാനത്തിൽ പരാതിയുള്ള പക്ഷം, അപേക്ഷകന് 44-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം ബോർഡിന് അപ്പീൽ നൽകാവുന്നതും അപ്പീലിൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

27. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം

(1) ഈ പദ്ധതിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തു നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള ധനസഹായത്തിന് അംഗത്തിന്റെ ആശ്രിതരിൽ താഴെ പറയുന്ന മുൻഗണനാക്രമത്തിൽ ഒരാൾക്ക്, അവരുടെ വരുമാനമോ ആശ്രിതത്വമോ, കണക്കിലെടുക്കാതെ അർഹതയുണ്ടായിരിക്കുന്നതാണ്.

(എ) സാധുവായ നാമനിർദ്ദേശം ഉണ്ടെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ

(ബി) ഭാര്യ/ഭർത്താവ്

(സി) പ്രായപൂർത്തിയാകാത്ത പുത്രന്മാർ

(ഡി) പ്രായപൂർത്തിയാകാത്ത പുത്രിമാർ

(ഇ) അവിവാഹിതരായ പുത്രിമാർ

(എഫ്) വിധവകളായ പുത്രിമാർ

(ജി) മാതാപിതാക്കൾ

(എച്ച്) സഹോദരി/സഹോദരന്മാർ

(ഐ) മററ് നിയമാനുസൃത അവകാശികൾ

(3) ആശ്രിതരാണെന്ന് തെളിയിക്കുന്നതിനും മരണമടഞ്ഞ അംഗത്തിന്റെ നിയമാനുസൃത അവകാശികൾ ആരൊക്കെയാണെന്ന് കാണിക്കുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളുടെയോ, വിദേശത്താണെങ്കിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതും അതാതു രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നൽകിയതുമായ സർട്ടിഫിക്കററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അംഗത്തിന്റെ മരണസർട്ടിഫിക്കററിന്റെ ശരിപകർപ്പും ഹാജരാക്കേണ്ടതാണ്.

(4) അപേക്ഷാഫോറം നമ്പർ 9-ൽ, അംഗം മരണമടഞ്ഞത് 6 മാസത്തിനകം ബന്ധപ്പെട്ട മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

എന്നാൽ, മതിയായ കാരണത്താലാണ് അപേക്ഷ സമർപ്പിക്കാതിരുന്നതെന്ന് ബോധ്യപ്പെടുന്ന പക്ഷം, നിർദ്ദിഷ്ട സമയപരിധിക്കുശേഷം സമർപ്പിച്ച അപേക്ഷയും മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.

എന്നാൽ, അംഗം മരണമടഞ്ഞ് 2 വർഷത്തിനുശേഷം സമർപ്പിക്കുന്ന യാതൊരു അപേക്ഷയും മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതല്ല.

(5) അപേക്ഷയിൽ ആവശ്യമായ അന്വേഷണം നടത്തിയും രേഖകൾ പരിശോധിച്ചും ധനസഹായത്തിന് അർഹതയുണ്ടെങ്കിൽ അപേക്ഷ അനുവദിച്ചും അർഹതയില്ലെങ്കിൽ നിരസിച്ചും മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്.

(6) (5)-ാം ഉപഖണ്ഡികയിലെ തീരുമാനത്തിനെതിരെ ആക്ഷേപമുള്ള പക്ഷം 44-ാം ഖണ്ഡികയിൽ നിർദ്ദേശിക്കുന്ന പ്രകാരം ബോർഡിന് അപ്പീൽ നൽകാവുന്നതും ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

28. ചികിത്സാസഹായം

(1) ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടേയും കല്പിതാംഗങ്ങളുടേയും ചികിത്സയ്ക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വകാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കാവുന്നതാണ്.

എന്നാൽ അംഗത്തിന്റെ ഏതെങ്കിലും ചികിത്സയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നോ, കേരള സർക്കാരിൽ നിന്നോ, നോർക്കാ റൂട്ട്സിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭിക്കുന്ന പക്ഷം ആ ചികിത്സയ്ക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) ധനസഹായത്തിന് അർഹതയുള്ള ഗുരുതരമായ രോഗങ്ങൾ ഏതൊക്കെയെന്നത് അതാത് കാലത്തെ ബോർഡ് അംഗീകരിക്കുന്ന പ്രകാരമായിരിക്കും.

(3) ബോർഡ് മുൻകൂട്ടി അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ/ക്ലിനിക്കുകളിലെ/ചികിത്സാസ്ഥാപനങ്ങളിലെ ചികിത്സകൾക്കു മാത്രമായിരിക്കും ധനസഹായത്തിന് അർഹത. എന്നാൽ, മററ് ഏതെങ്കിലും സ്ഥാപനത്തിലെ ചികിത്സ പ്രത്യേക സാഹചര്യങ്ങളിലാണ് നടത്തിയതെന്ന് ബോർഡിന് ബോധ്യപ്പെടുന്ന പക്ഷം, അത്തരം ചികിത്സയ്ക്ക് ധനസഹായം അനുവദിക്കാവുന്നതാണ്.

(4) ചികിത്സ പൂർത്തിയാക്കുന്നതിന് മുമ്പോ, ധനസഹായത്തിന് അപേക്ഷിക്കുന്നതിന് മുമ്പോ, അംഗം മരണമടയുന്നപക്ഷം, 27-ാം ഖണ്ഡികയിൽ കാണിച്ച ആശ്രിതരിൽ മുൻഗണനാക്രമത്തിൽ ഒരാൾക്ക് അംഗത്തിന് അർഹതപ്പെട്ട ധനസഹായം അനുവദിക്കാവുന്നതാണ്.

(5) ധനസഹായത്തിനുള്ള അപേക്ഷ ചികിത്സ കഴിഞ്ഞ് 6 മാസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഫോറം നമ്പർ 10-ൽ സമർപ്പിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ചികിത്സ തെളിയിക്കുന്നതിന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ നൽകിയ സർട്ടിഫിക്കററും ചികിത്സാ ചെലവ് സംബന്ധിച്ച മററു രേഖകളും ഹാജരാക്കേണ്ടതാണ്.

എന്നാൽ, നിർദ്ദിഷ്ട സമയത്തിനുശേഷം സമർപ്പിച്ചതാണെങ്കിലും കാലതാമസം മതിയായ കാരണങ്ങളാലാണെന്ന് ബോധ്യപ്പെടുന്നപക്ഷം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ സ്വീകരിക്കാവുന്നതാണ്.

(6) അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിച്ചോ, നിരസിച്ചോ, അതാത് സംഗതി പോലെ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്.

(7) (6)-ാം ഉപഖണ്ഡികയിലെ തീരുമാനത്തിനെതിരെ ആക്ഷേപം ഉള്ളപക്ഷം 44-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം ബോർഡ് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിലുള്ള ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

29. ഇൻഷുറൻസ് പരിരക്ഷാപദ്ധതി

(1) നിധിയിലെ സാമ്പത്തിക നില കണക്കിലെടുത്ത് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്കു പകരമായോ, അതിനോടൊപ്പമോ അംഗത്തിന്റെ അപകടമരണത്തിനോ, രോഗചികിത്സയ്ക്കോ, മറേറതെങ്കിലും ആവശ്യത്തിനോ അംഗങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് ഏതെങ്കിലും ദേശസാൽക്കൃത ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതി ബോർഡിന് ആവിഷ്ക്കരിച്ച് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

(2) (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ഇൻഷുറൻസ് പദ്ധതിക്കുള്ള ഇൻഷുറൻസ് പ്രീമിയത്തിനും മററുമുള്ള ചെലവുകൾ പൂർണ്ണമായോ, ഭാഗികമായോ ബോർഡിന് നിധിയിൽ നിന്നും വഹിക്കാവുന്നതാണ്.

30. വിവാഹധനസഹായം

(1) കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചുവരുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും സ്ത്രീ അംഗങ്ങളുടേയും വിവാഹച്ചിലവിനായി അയ്യായിരം രൂപ ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്.

എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള ധനസഹായത്തിന് അച്ഛനും അമ്മയും നിധിയിൽ അംഗമാണെങ്കിലോ, അച്ഛനും അമ്മയും വിവാഹിതയാകുന്ന മകളും നിധിയിൽ അംഗങ്ങളാണെങ്കിലോ, നിധിയിലെ ഒരംഗത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(3) (1)-ാം ഉപഖണ്ഡികയിലെ രണ്ടു തവണ എന്ന പരിധിക്കു വിധേയമായി ധനസഹായം ലഭിച്ച വിധവകളുടെ പുനർവിവാഹത്തിനും ധനസഹായം അനുവദിക്കാവുന്നതാണ്.

(4) മറേറതെങ്കിലും പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത് ഈ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമായിരിക്കുന്നതല്ല.

(5) (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അപേക്ഷ വിവാഹം കഴിഞ്ഞ് മൂന്നു മാസത്തിനകം ഫോറം നമ്പർ 11-ൽ ബന്ധപ്പെട്ട മേഖല/ജില്ലാ എക്സി. ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

എന്നാൽ, മതിയായ കാരണത്താലാണ് അപേക്ഷ നിർദ്ദിഷ്ട സമയപരിധിക്കകം സമർപ്പിക്കുവാൻ കഴിയാത്തതെന്ന് ബോധ്യപ്പെടുന്നപക്ഷം, നിശ്ചിത സമയപരിധി കഴിഞ്ഞ് ഒരു വർഷത്തിനകം സമർപ്പിച്ച അപേക്ഷ മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.

(6) അപേക്ഷയോടൊപ്പം വിവാഹം നടന്നു എന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി/പ്രസിഡന്റ്/ചെയർമാൻ/മേയർ, എം.എൽ.എ., എം.പി., ഗസററഡ്

ഓഫീസർ, ഇന്ത്യൻ എംബസി ഉദ്യോഗസ്ഥർ, വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അതാത് മതത്തിലെ വ്യക്തി നിയമപ്രകാരം അധികാരമുള്ള വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ ആരെങ്കിലും നൽകിയ സാക്ഷ്യപത്രമോ, ഹിന്ദുവിവാഹ ആക്റ്റോ, സ്പെഷ്യൽ മാര്യേജ് ആക്റ്റോ പ്രത്യേക വിവാഹ നിയമമോ, അതാത് രാജ്യത്തെ നിയമമോ പ്രകാരം ലഭിക്കുന്ന സാക്ഷ്യപത്രമോ ഹാജരാക്കേണ്ടതാണ്.

(7) അപേക്ഷ ലഭിച്ച് കഴിയുംവേഗം മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ അന്വേഷണം നടത്തിയും രേഖകൾ പരിശോധിച്ചും ആനുകൂല്യം അനുവദിച്ചോ നിരസിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്.

(8) (7)-ാം ഉപഖണ്ഡിക പ്രകാരമുള്ള തീരുമാനത്തിനെതിരെ ആക്ഷേപമുള്ളപക്ഷം അപേക്ഷകന് 44-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപ്പീൽ ബോർഡു മുൻപാകെ സമർപ്പിക്കാവുന്നതാണ്. ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

31. പ്രസവാനുകൂല്യം

(1) തുടർച്ചയായി രണ്ടുവർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് മൂവായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) ഗർഭം അലസൽ സംഭവിച്ച കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാ അംഗത്തിന് രണ്ടായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ, രണ്ടുതവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(3) (1)-ം ഉപഖണ്ഡിക പ്രകാരമുള്ള ധനസഹായത്തിന് അതാത് സ്ഥലത്തെ ജനനമരണ രജിസ്ട്രാറോ, മററ് അധികാരികളോ എംബസി ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തി നൽകുന്ന കുട്ടിയുടെ ജനനസർട്ടിഫിക്കററിന്റെ പകർപ്പോ, ഉപഖണ്ഡിക (2) പ്രകാരമുള്ള ധനസഹായത്തിന് അതാത് രാജ്യത്തെ സർക്കാർ അംഗീകൃത ഡോക്ടർമാരുടെ സർട്ടിഫിക്കററോ, ബോർഡ് നിശ്ചയിക്കുന്ന വിധത്തിലുള്ള സർട്ടിഫിക്കററോ ഹാജരാക്കിയിരിക്കേണ്ടതാണ്.

(4) പ്രസവം കഴിഞ്ഞോ, ഗർഭം അലസൽ സംഭവിച്ചോ അതത് സംഗതി പോലെ, മൂന്നു മാസത്തിനകം ധനസഹായത്തിനുള്ള അപേക്ഷ ഫോറം നമ്പർ 12-ൽ, ബന്ധപ്പെട്ട മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

എന്നാൽ, മതിയായ കാരണങ്ങളാലാണ് അപേക്ഷ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ കഴിയാതിരുന്നതെന്ന് ബോധ്യപ്പെടുന്ന പക്ഷം, നിശ്ചിത സമയത്തിനുശേഷവും എന്നാൽ രണ്ട് വർഷത്തിനുള്ളിലും സമർപ്പിക്കുന്ന അപേക്ഷയും എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.

(5) അപേക്ഷയിൽ ആവശ്യമായ അന്വേഷണം നടത്തിയും രേഖകൾ പരിശോധിച്ചും ധനസഹായം അനുവദിച്ചോ, നിരസിച്ചോ മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്.

(6) (5)-ാം ഉപഖണ്ഡിക പ്രകാരമുള്ള ഉത്തരവിനെതിരെ ആക്ഷേപമുള്ള പക്ഷം, അപേക്ഷകന് 44-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച രീതിയിൽ അപ്പീൽ ബോർഡ് മുൻപാകെ സമർപ്പിക്കാവുന്നതും ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

32 വിദ്യാഭ്യാസ ആനുകൂല്യം - രണ്ടു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള, കല്പിതാംഗങ്ങൾ അടക്കമുള്ള അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കാവുന്നതാണ്. ഗ്രാന്റിന് അർഹതയ്ക്കുള്ള മാനദണ്ഡം, ക്ലാസ്, കോഴ്സ്, ഗ്രാന്റ് തുക, അപേക്ഷാരീതി, അപേക്ഷയുടെ മാതൃകയും അനുബന്ധ രേഖകളും എന്നിവ സംബന്ധിച്ചും മററും ഉള്ള പദ്ധതി ബോർഡ് ആവിഷ്കരിച്ച് സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

33. പെൻഷനും മററ് ആനുകൂല്യങ്ങളും വിതരണം ചെയ്യൽ

(1) പെൻഷനും മററ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം ബോർഡ് നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(2) ലൈഫ് സർട്ടിഫിക്കററ് ഹാജരാക്കലും പെൻഷൻ കുടിശ്ശിക നൽകലും - ബോർഡിന്റെ ഓഫീസിൽ നിന്ന് നേരിട്ടല്ലാതെ പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും മാർച്ച് മാസത്തെ പെൻഷൻ മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻപാകെ നേരിട്ട് ഹാജരായി വാങ്ങേണ്ടതാണ്. നേരിൽ ഹാജരാകുവാൻ കഴിയാത്തവർ ജീവിച്ചിരിക്കുന്നതായി ഇന്ത്യയിലാണെങ്കിൽ ഒരു ഗസററഡ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കററും വിദേശത്താണെങ്കിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കററും ഹാജരാക്കേണ്ടതാണ്.

(3) പെൻഷൻ അനുവദിച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ, മരണമടയുന്ന തീയതിവരെയുള്ള പെൻഷൻ തുക കുടിശ്ശികയുണ്ടെങ്കിൽ, ആ തുക അദ്ദേഹത്തിന്റെ നോമിനിക്കോ, നോമിനിയില്ലെങ്കിൽ നിയമാനുസൃത അവകാശികൾക്കോ ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

(4) പെൻഷൻ കുടിശ്ശിക തുകയ്ക്കുള്ള അപേക്ഷയിന്മേൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എത്രയും വേഗം തീരുമാനമെടുത്ത് അർഹതയുടെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക തുക അനുവദിക്കേണ്ടതും അല്ലാത്തവ കാരണം വ്യക്തമാക്കി നിരസിക്കേണ്ടതുമാണ്.

(5) (4)-ാം ഉപഖണ്ഡിക പ്രകാരമുള്ള അപേക്ഷ അംഗം മരണമടഞ്ഞ് ആറുമാസത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്.

(6) അപേക്ഷയോടൊപ്പം അംഗത്തെ സംബന്ധിക്കുന്ന മരണ സർട്ടിഫിക്കററിന്റെ പകർപ്പും അംഗത്തിന്റെ അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ സെക്രട്ടറിയോ, വില്ലേജ് ഓഫീസറോ, തഹസീൽദാരോ നൽകിയ സർട്ടിഫിക്കററിന്റെ പകർപ്പും സമർപ്പിച്ചിരിക്കേണ്ടതാണ്.

## ആശ്വാസ നിധിയും വായ്പകളും

34 പ്രവാസി ആശ്വാസ നിധി - (1) അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനോ, വീട് നിർമ്മിക്കുന്ന തിനുവേണ്ടി വസ്തു വാങ്ങുന്നതിനോ, വസ്തുവും വീടും ഉൾപ്പെടെ വാങ്ങുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനോ, വിദേശത്തുനിന്നോ മറ്റ് സംസ്ഥാനത്തുനിന്നോ തിരിച്ചു വന്ന് കേരളത്തിൽ താമസമാക്കിയവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനോ, ഏതെങ്കിലും കമ്പനികളിലോ, സ്ഥാപനങ്ങളിലോ നിക്ഷേപം നടത്തുന്നതിനോ, മറ്റേതെങ്കിലും സഹായത്തിനായോ വായ്പകൾ മുൻകൂറുകൾ, നിക്ഷേപങ്ങൾ, സംഭാവനകൾ എന്നിവയ്ക്കായി അംഗങ്ങളുടെ (കല്പിതാംഗങ്ങൾ ഉൾപ്പെടെ) അംശാദായത്തിന്റെ 15 ശതമാനത്തിന് തുല്യമായ തുക ‘‘ പ്രവാസി ആശ്വാസ നിധി ’’ എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിച്ച് അതിലേക്ക് ഓരോ വർഷവും നീക്കി വെക്കേണ്ടതാണ്.

(2) (1)-ാം ഉപഖണ്ഡിക പ്രകാരം നീക്കിവെക്കേണ്ട തുകയുടെ നിരക്ക് അതാത് കാലത്ത് മാറ്റം വരുത്തുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.
(3) ബോർഡിന് ഉചിതമെന്ന് തോന്നുന്ന പക്ഷം (1) -ാം ഉപഖണ്ഡിക പ്രകാരമുള്ള നിധിയിലെ തുക പൂർണ്ണമായോ ഭാഗികമായോ പ്രവാസി കേരളീയരുടെ ക്ഷേമ നിധിയിലേക്ക് മാറ്റാവുന്നതാണ്.
(4) പ്രവാസി ആശ്വാസ നിധിയിലെ തുക ഈ അദ്ധ്യായത്തിൽ വിവരിച്ച ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

35 ഭവന വായ്പ - (1) അഞ്ചു വർഷം തുടർച്ചയായി അംശദായം അടച്ചുവരുന്ന കൽപിതാംഗങ്ങൾ ഉൾപ്പെടെയുള്ള അംഗങ്ങൾക്ക്, സ്വന്തം താമസത്തിനായി വീട് നിർമ്മിക്കുന്നതിനോ, വീടും സ്ഥലവും വാങ്ങുന്നതിനോ, വീടുവെക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനോ, നിലവിലുള്ള വീടിന്റെ അറ്റകുറ്റപണി നടത്തുന്നതിനോ, പ്രവാസി കേരളീയർക്ക് പ്രവാസി ആശ്വാസ നിധിയിൽ നിന്ന് ബോർഡ് നിശ്ചയിക്കുന്ന വിധം പലിശ രഹിതമോ, പലിശ സഹിതമോ ഉള്ള വായ്പ അനുവദിക്കാവുന്നതാണ്. പലിശസഹിത വായ്പകൾക്കുള്ള പലിശ നിരക്ക് അതാത് കാലത്ത് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(2) വായ്പാ തുകയും അർഹതയും അനുവദിക്കാവുന്ന അംഗങ്ങളുടെ എണ്ണവും വരുമാനപരിധി, വായ്പ അനുവദിക്കേണ്ട മാനദണ്ഡങ്ങൾ ആവശ്യമായ ഈടുകൾ, തിരിച്ചടവ് രീതി ഇവയും മറ്റ് നടപടി ക്രമങ്ങളും അതാത് കാലത്ത് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.
(3) ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതിപ്രകാരം, പലിശ രഹിതവായ്പയോ ധനസഹായമോ ലഭിക്കുന്ന അംഗങ്ങൾക്ക് ഉപഖണ്ഡിക (1) പ്രകാരമുള്ള വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
(4) ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി വായ്പകളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനും വായ്പ നൽകുന്നത് നിർത്തി വെക്കുന്നതിനും നിശ്ചിത കാലത്തേക്ക് മരവിപ്പിക്കുന്നതിനും ബോർഡിന് അധികാരമുണ്ടായിരിക്കുന്നതും ബോർഡിന്റെ ഇക്കാര്യത്തിലുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. എന്നാൽ, ഒരിക്കൽ അനുവദിച്ച തുക കുറവു ചെയ്യുന്നതിനോ ഭാഗികമായി റദ്ദ് ചെയ്യുന്നതിനോ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതല്ല.
(5) (4)-ാം ഉപഖണ്ഡികയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അനുവദിച്ച വായ്പ നിശ്ചിത ആവശ്യത്തിനല്ലാതെ ഉപയോഗിച്ചതായോ, തെറ്റായ വിവരങ്ങൾ നൽകിയാണ് വായ്പ കൈപ്പറ്റിയതെന്നോ പിന്നീട് തെളിയുന്ന പക്ഷം, നൽകിയ വായ്പ തുകയും ബോർഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരവും വായ്പ കൈപ്പറ്റിയ അംഗങ്ങളിൽ നിന്ന് ഈടാക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

36 സ്വയം തൊഴിൽ വായ്പ - (1) നിധിയിൽ കുറഞ്ഞത് മൂന്നു വർഷക്കാലം തുടർച്ചയായി അംശദായം അടച്ചുവരുന്ന കേരളത്തിലേക്ക് തിരിച്ചു വരുന്ന പ്രവാസി കേരളീയർ (വിദേശം) അംഗങ്ങൾക്കും കൽപിതാംഗങ്ങൾക്കും കേരളത്തിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയോ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങുന്നതിനോ ഉപകരണങ്ങൾ, യന്ത്രങ്ങൾ, പണിയായുധങ്ങൾ എന്നിവ വാങ്ങുന്നതിനോ വേണ്ടിയോ പ്രവാസി ആശ്വാസ നിധിയിൽ നിന്ന് പലിശരഹിത വായ്പ നൽകാവുന്നതാണ്.

(2) വായ്പ തുകയും അനുവദിക്കുന്ന അംഗങ്ങളുടെ എണ്ണവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതാത് കാലത്ത് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.
(3) വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡം, അപേക്ഷാ രീതി, ആവശ്യമായ ഈടുകൾ, തിരിച്ചടവ് രീതി, ആവശ്യമായ രേഖകൾ, മറ്റ് നടപടി ക്രമങ്ങൾ എന്നിവ അതാത് കാലത്ത് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.
(4) ഏതെങ്കിലും സ്വയം തൊഴിൽ പദ്ധതി പ്രകാരം പലിശ രഹിത വായ്പയോ ധനസഹായമോ ലഭിച്ചവർക്ക് ഈ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
(5) പ്രതിവർഷം വ്യക്തിഗത വരുമാനം അറുപതിനായിരം രൂപയിൽ കവിയുന്ന അംഗങ്ങൾക്കും (1)-ാംഉപഖണ്ഡിക പ്രകാരമുള്ള വായ്പക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

വിശദീകരണം: വ്യക്തിഗതവരുമാനം എന്നത് അംഗത്തിന്റെ ഭാര്യയുടേയോ അഥവാ ഭർത്താവിന്റേയോ വരുമാനം ഉൾപ്പെട്ടതായിരിക്കും.
(6) ഫണ്ടിന്റെ ലഭ്യതപരിഗണിച്ച്, വായ്പകളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനോ, നിശ്ചിത കാലത്തേക്ക് മരവിപ്പിക്കുന്നതിനോ, നിർത്തിവെക്കുന്നതിനോ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
എന്നാൽ, ഒരിക്കൽ അനുവദിച്ച തുക കുറവ് ചെയ്യുന്നതിനോ ഭാഗികമായി റദ്ദ് ചെയ്യുന്നതിനോ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതല്ല.
(7) (6) -ാം ഉപഖണ്ഡികയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വായ്പതുക കൈപ്പറ്റിയത് തെറ്റായ വിവരം നൽകിയാണെന്നോ, നിശ്ചിത ആവശ്യത്തിന് ഉപയോഗിച്ചില്ലെന്നോ പിന്നീട് തെളിയുന്ന പക്ഷം, നൽകിയ വായ്പ തുകയും ബോർഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരവും വായ്പ കൈപ്പറ്റിയ അംഗങ്ങളിൽ നിന്ന് ഈടാക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കും.

37 സഹകരണസംഘങ്ങളും കമ്പനികളും മറ്റ് സ്ഥാപനങ്ങളും പ്രൊമോട്ട് ചെയ്യൽ - (1) അംഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അവരുടെ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി സ്വകാര്യക്ലിപ്ത കമ്പനികളോ, പബ്ലിക് കമ്പനികളോ, അംഗങ്ങളുടെ സഹകരണസംഘങ്ങളോ, മറ്റ് സ്ഥാപനങ്ങളോ ബോർഡിന്റെ നിയന്ത്രണത്തിലോ അല്ലാതെയോ അതാത് നിയമവ്യവസ്ഥകൾക്ക് വിധേയമായി തുടങ്ങുന്നതിനും അതിനുവേണ്ടുന്ന ചെലവുകൾ വഹിക്കുന്നതിനും അതിൽ ഓഹരി നിക്ഷേപം നടത്തുന്നതിനുമുള്ള നടപടികൾ ബോർഡിന് സ്വീകരിക്കാവുന്നതാണ്.
(2) ബോർഡിന്റെ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങളിൽ ബോർഡിന്റെ ഓഹരി നിക്ഷേപം, സ്ഥാപനത്തിന് ഏതെങ്കിലും കാരണത്താൽ വരുന്ന നഷ്ടത്തിന് ബോർഡിന് ഉത്തരവാദിത്വമുണ്ടായിരിക്കില്ലെന്ന നിബന്ധനയിലല്ലാതെ നടത്താവുന്നതല്ല.
(3) (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള നടപടികൾ ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയും സർക്കാർ നിബന്ധനകളോടെയുമല്ലാതെ എടുക്കാവുന്നതല്ല.
(4) (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള നടപടികൾക്കാവശ്യമായ തുക പ്രവാസി ആശ്വാസനിധിയിൽ നിന്നും ചെലവഴിക്കേണ്ടതാണ്. എന്നാൽ ഈ ആവശ്യത്തിനുവേണ്ടി ചെലവഴിക്കാവുന്ന തുക ആശ്വാസ നിധിയിലെ മൊത്തം തുകയുടെ 30 ശതമാനത്തിൽ കവിയാവുന്നതല്ല.
(5) കമ്പനികൾ, സഹകരണസംഘങ്ങൾ, മറ്റ് സ്ഥാപനങ്ങൾ ഏതൊക്കെ മേഖലയിലാണെന്നും രൂപീകരണ നിബന്ധനകളും നിക്ഷേപങ്ങളും മറ്റ് അനുബന്ധ കാര്യങ്ങളും അതാത് കാലത്ത് ബോർഡ് തീരുമാനിച്ച് സർക്കാരിന് സമർപ്പിക്കാവുന്നതും സർക്കാർ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## പ്രവാസി കേരളീയർ (വിദേശം) പ്രത്യേക സഹായനിധി

38 പ്രത്യേക സഹായനിധി - (1) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് 55 വയസ്സ് പൂർത്തിയായതു മൂലം നിധിയിൽ അംഗത്വമെടുക്കാൻ കഴിയാതെ വന്ന പ്രവാസി കേരളീയർ (വിദേശം)ക്ക് ചികിത്സാ സഹായം, അത്യാവശ്യ ധനസഹായം, പെൻഷൻ എന്നിവ നൽകുന്നതിനായി ബോർഡ് ഒരു പ്രത്യേക സഹായനിധി ''പ്രവാസി കേരളീയർ (വിദേശം) പ്രത്യേക സഹായനിധി '' എന്ന പേരിൽ രൂപീകരിക്കേണ്ടതാണ്.
(2) പ്രത്യേക സഹായ നിധിയിലേക്ക് ബോർഡിന് 34-ാം ഖണ്ഡികപ്രകാരം രൂപീകൃതമായ പ്രവാസി ആശ്വാസനിധിയിൽ നിന്ന് ബോർഡ് അതാത് കാലത്ത് നിശ്ചയിക്കുന്ന തുക, പരമാ

വധി 15 ശതമാനത്തിൽ കവിയരുതെന്ന നിബന്ധനകൾക്ക് വിധേയമായി, സംഭാവനയായി നൽകാവുന്നതാണ്.

(3) പ്രത്യേക സഹായനിധിയിലെ വരുമാനത്തിനായി ബോർഡിന് ഭാരതത്തിലോ, വിദേശത്തോ ഉള്ള വ്യക്തികളിൽ നിന്നോ, സംഘടനകളിൽ നിന്നോ, സർക്കാർ ഏജൻസികളിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ, സംസ്ഥാന സർക്കാരിൽ നിന്നോ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, മറ്റ് ഉറവിടങ്ങളിൽ നിന്നോ ലഭിക്കുന്ന നിയമാനുസൃത സംഭാവനകൾ സ്വീകരിക്കാവുന്നതും ഇപ്രകാരം സംഭാവനകൾ ലഭിച്ചാൽ അത് പ്രത്യേക സഹായനിധിയിലേക്ക് വരവ് വെക്കേണ്ടതുമാണ്.

(4) പ്രത്യേക സഹായനിധിയിലെ വരവ്-ചെലവ് സംബന്ധിച്ച കണക്കുകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. നിധിയുടെ തുക ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾക്കല്ലാതെ ചെലവഴിക്കാവുന്നതല്ല.

എന്നാൽ, സ്റ്റേഷനറി, ഓഫീസ് ചെലവുകൾ എന്നിവക്കും മറ്റനുബന്ധ ചെലവുകൾക്കുമായി പ്രത്യേക സഹായനിധിയിൽ ആവശ്യമായ തുക ഉണ്ടെന്ന് കാണുന്ന പക്ഷവും ബോർഡ് അങ്ങനെ തീരുമാനിക്കുന്ന പക്ഷവും പ്രത്യേക സഹായനിധിയിലെ മൊത്തം വാർഷികവരുമാനത്തിന്റെ 5 ശതമാനത്തിന് തുല്യമായ തുക ഓരോ വർഷവും പ്രവാസി കേരളീയക്ഷേമനിധിയിലേക്ക് മാറ്റാവുന്നതാണ്.

39 ചികിത്സാ സഹായം - (1) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് 55 വയസ്സ് പൂർത്തിയായതു കാരണം നിധിയിൽ അംഗത്വമെടുക്കാൻ കഴിയാതെ വന്ന പ്രവാസി കേരളീയ (വിദേശം)ന് സാധാരണ രോഗചികിത്സക്കായി പരമാവധി പതിനായിരം രൂപയും മാരക അസുഖങ്ങളുടെ ചികിത്സക്ക് പരമാവധി ഇരുപത്തയ്യായിരം രൂപയും എന്ന അടിസ്ഥാനത്തിൽ പ്രത്യക ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) പ്രതിവർഷകുടുംബവരുമാനം ഒരുലക്ഷം രൂപയിൽ കവിയുന്ന പക്ഷം (1)-ാം ഉപഖണ്ഡികയിലെ ആനു കൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

വിശദീകരണം : വരുമാനം കണക്കാക്കുന്നതിന് കുടുംബം എന്നത് ഭാര്യ/ഭർത്താവ് അവിവാഹിതരായ മക്കൾ എന്നിവർ ഉൾപ്പെട്ടതായിരിക്കുന്നതാണ്.

(3) ബോർഡ് മുൻകൂട്ടി അംഗീകരിച്ച ആശുപത്രികളിലെ, ക്ലിനിക്കുകളിലെ, ചികിത്സക്കുമാത്രമേ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

എന്നാൽ പ്രത്യേക സാഹചര്യങ്ങളാലാണ് മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ ചികിത്സ നടത്തിയതെന്ന് ബോർഡിന് ബോധ്യപ്പെടുന്ന പക്ഷം അത്തരം ചികിത്സക്കുള്ള ധനസഹായവും ബോർഡിന് അനുവദിക്കാവുന്നതാണ്.

(4) (1) -ാം ഉപഖണ്ഡികയിൽ കാണിച്ച മാരക രോഗങ്ങളിൽ ആസ്ത്മ, തളർവാതം, കുഷ്ഠം, കാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ രോഗങ്ങൾ മുതലായവ ഉൾപ്പെടുന്നതാണ്.

40 അപേക്ഷ സമർപ്പിക്കലും നടപടികളും - (1) 39-ാം ഖണ്ഡിക പ്രകാരമുള്ള ധനസഹായത്തിനുള്ള അപേക്ഷ, ഫോറം നമ്പർ 13-ൽ മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ചികിത്സ കഴിഞ്ഞ് 6 മാസത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്.

എന്നാൽ മതിയായ കാരണങ്ങളാലാണ് അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതെന്ന് ബോധ്യപ്പെടുന്ന പക്ഷം ചികിത്സകഴിഞ്ഞ് 2 വർഷത്തിനുള്ളിൽ സമർപ്പിച്ച അപേക്ഷയും മേഖല/ജില്ലാ എക്സി. ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.

(2) അപേക്ഷയോടൊപ്പം ചികിത്സ തെളിയിക്കുന്നതിന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റും ചികിത്സാ ചെലവ് കാണിക്കുന്ന രേഖകളും ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകിയ, വിദേശത്താണെങ്കിൽ, ബന്ധപ്പെട്ട അധികാരികൾ നൽകിയതും ഇന്ത്യൻ എമ്പസി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതുമായ വരുമാന സർട്ടിഫിക്കറ്റും, വിദേശത്ത് രണ്ട് വർഷത്തിൽ കുറയാത്ത കാലം ഉപജീവനാർത്ഥം താമസിച്ചിരുന്നുവെന്ന് തെളിയിക്കുന്ന രേഖയും ഹാജരാക്കിയിരിക്കേണ്ടതാണ്.

(3) അപേക്ഷ ലഭിച്ചാൽ, ആവശ്യമായ അന്വേഷണങ്ങൾ നടത്തിയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും മേഖല/ജില്ലാ എക്സി. ഓഫീസർ ആനുകൂല്യം അനുവദിച്ചോ, നിരസിച്ചോ, അതാത് സംഗതി പോലെ, ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്.

(4) (3)-ാം ഉപഖണ്ഡികപ്രകാരമുള്ള ഉത്തരവിനെതിരെ ആക്ഷേപമുള്ള പക്ഷം 44-ാം ഖണ്ഡിക പ്രകാരമുള്ള നിബന്ധനകൾക്കനുസൃതമായി ബോർഡുമുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീലിൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.
വയസ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ്/ജനനമരണസർട്ടിഫിക്കറ്റ്/ പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ് ഇവയിലേതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്വീകരിക്കാവുന്നതാണ്.
(5) വിദേശത്ത് ഉപജീവനാർത്ഥം താമസിച്ചു എന്ന് കാണിക്കുന്നതിന് ബന്ധപ്പെട്ട പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റോ തെളിവായി സ്വീകരിക്കാവുന്നതാണ്.

41 വാർദ്ധക്യകാല ആശ്വാസം - ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് 39 -ാം ഖണ്ഡിക പ്രകാര മുള്ള ധനസഹായത്തിന് അർഹതയുള്ള വിഭാഗത്തിൽപ്പെട്ട പ്രവാസി കേരളീയർ (വിദേ ശം)ക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറക്ക്, അവരുടെ സാമ്പത്തികാവശ്യകത പരിഗണിച്ച് ഒരു മൊത്തം തുക ധനസഹായം നൽകുന്നതിനോ, പ്രതിമാസ പെൻഷൻ നൽകുന്നതിനോ ഉള്ള പദ്ധതി ബോർഡ് ആവിഷ്കരിച്ച് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നടപ്പി ലാക്കാവുന്നതാണ്.

42. പ്രത്യേക ആശ്രിത ധനസഹായം - (1) 39-ാം ഖണ്ഡികപ്രകാരമുള്ള ധനസഹായത്തിന് അർഹ യുള്ള വിഭാഗത്തിൽപ്പെട്ട പ്രവാസി കേരളീയർ (വിദേശം) 60 വയസ്സ് പൂർത്തിയാകുന്നതിനിട യിൽ മരണമടയുന്ന പക്ഷം, അയാളുടെ ആശ്രിതർക്ക് താഴെ പറയുന്ന മുൻഗണനാ ക്രമ ത്തിൽ ഒരാൾക്ക് പതിനായിരം രൂപ പ്രത്യേക സഹായനിധിയിൽ നിന്ന് നൽകാവുന്നതാണ്.
(എ) ഭാര്യ/ഭർത്താവ്
(ബി) പ്രായപൂർത്തിയാകാത്ത കുട്ടികൾ
(സി) അവിവാഹിതരായ പുത്രിമാർ
(ഡി) വിധവയായ പുത്രിമാർ
(ഇ) മാതാപിതാക്കൾ

(2) ആശ്രിതരാണെന്ന് തെളിയിക്കുന്നതിനും മരണമടഞ്ഞ ആളിന്റെ നിയമാനുസൃത അവ കാശികൾ ആരൊക്കെയെന്ന് കാണിക്കുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റിന്റേയോ, വിദേശത്താണെങ്കിൽ അതാത് രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നൽകിയ സർട്ടിഫിക്കറ്റിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതിന്റേയോ ശരിപ്പകർപ്പും വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയും, മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കിയിരിക്കേണ്ടതാണ്.
(3) അപേക്ഷ പദ്ധതിയുടെ അനുബന്ധത്തിൽ ചേർത്ത ഫോറം നമ്പർ 14-ൽ മരണമടഞ്ഞ് 6 മാസത്തിനകം ബന്ധപ്പെട്ട മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് സമർപ്പിച്ചിരിക്കേ ണ്ടതാണ്.
എന്നാൽ മതിയായ കാരണത്താലാണ് അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതെന്ന് ബോധ്യപ്പെടുന്ന പക്ഷം 6 മാസത്തിനുശേഷം രണ്ടു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അപേ ക്ഷയും മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.
(4) അപേക്ഷയിൽ ആവശ്യമായ അന്വേഷണം നടത്തിയും ആവശ്യമായ രേഖകൾ പരിശോ ധിച്ചും ധനസഹായത്തിന് അർഹതയുണ്ടെങ്കിൽ അനുവദിച്ചും അർഹതയില്ലെങ്കിൽ നിര സിച്ചും മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തര വിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്.
(5) (4)-ാം ഉപഖണ്ഡിക പ്രകാരമുള്ള തീരുമാനത്തിനെതിരെ ആക്ഷേപമുള്ള പക്ഷം അപേ ക്ഷകന് 44-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം ബോർഡിന് അപ്പീൽ നൽകാവുന്നതും അപ്പീലിൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

43 ഈ അദ്ധ്യായം പ്രാബല്യത്തിൽ വരുന്ന തീയതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ബോർഡിന്റെ ശുപാർശയോടെ സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം നിശ്ചയിക്കേണ്ടതാണ്.